പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1086 14/06/2012 ൽ മറുപടിയ്ക്ക്

**ചേർത്തല വഴി തർക്കവുമായി ബന്ധപ്പെട്ട സസ്പെൻഷൻ**

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. പി. തിലോത്തമൻ: | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല തെക്ക് വില്ലേജ് പരിധിയിൽപെട്ട വഴിതർക്കവുമായി ബന്ധപ്പെട്ട് അളവ് കേസിൽ സർക്കാർ പുറമ്പോക്ക് അളന്ന് നഷ്ടപ്പെടുത്തിയതിന് സർവ്വേയർമാരെയും ഡ്രാഫ്റ്റ്സ്മാന്മാരെയും ഉൾപ്പെടെ 7 പേരെ സസ്പെന്റ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥലം സർക്കാർ പുറമ്പോക്കാണോ എന്ന് വെളിപ്പെടുത്തുമോ; | (ബി) | സർക്കാർ പുറമ്പോക്കല്ല |
| (സി) ഇതിലെ സസ്പെന്റ് ചെയ്യപ്പെട്ടവരിൽ രണ്ട് സർവ്വേയർമാരെ മാത്രം സസ്പെൻഷനിൽ നിർത്തിയിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; | (സി) | തെറ്റായ സർവ്വേ നടത്തിയതിൽ രണ്ട് സർവെയർമാരാണ് പൂർണ്ണമായും ഉൾപ്പെട്ടിട്ടുള്ളത്. |
| (ഡി) ഈ അളവ് കേസിൽ സബ്ഡിവിഷൻ സ്കെച്ച് മൂന്നു തവണ പരിശോധിച്ച് അപ്രൂവ് ചെയ്തതും തർക്ക സ്ഥലം നേരിൽ പരിശോധിച്ച് സ്കെച്ച് തയ്യാറാക്കാൻ സർവ്വേയർക്ക് നിർദ്ദേശം നൽകിയതുമായ ജില്ലാ സർവ്വേ സൂപ്രണ്ടിനെ തിരിച്ചെടുക്കുകയും പ്രൊമോഷൻ നൽകി ആലപ്പുഴയിൽ തന്നെ നിയമിക്കുകയും ചെയ്തത് എന്തു കൊണ്ടാണെന്നും വ്യക്തമാക്കുമോ? | (ഡി) | പരിശോധന നടത്തിയ ജില്ലാ സർവെ സൂപ്രണ്ട് ശ്രീ.കെ.ജി. വേണുനാഥൻ സർവ്വെയിൽ തെറ്റ് കണ്ടുപിടിക്കുകയും ആയത് തിരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടും സർവെയർമാർ നടപടി സ്വീകരിച്ചില്ല. ശ്രീ.കെ.ജി. വേണുനാഥൻ കുറ്റക്കാരനല്ലെന്നു കണ്ടതിനാലാണ് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചത്. 28/04/2012 ലെ ജി.ഒ.(പി) നമ്പർ 173/12/റവന്യൂ പ്രകാരം പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിൽ ശ്രീ. കെ. ജി. വേണുനാഥനെ 2007 ലെ അസിസ്റ്റന്റ് ഡയറക്ടർ ഒഴിവിലേക്കാണ് പരിഗണിച്ചിട്ടുള്ളത്. പ്രസ്തുത കാലയളവിലൊന്നും ടിയാനെതിരെ അച്ചടക്ക നടപടി നിലവിലുണ്ടായിരുന്നില്ല. ആയതിനാലാണ് ടിയാന് പ്രൊമോഷൻ നൽകിയത്. |

സെക്ഷൻ ഓഫീസർ